ഉത്തരം

(എ) ഒരു നിയോജക മണ്ഡലത്തിൽ ഒരു മാതൃകാ അങ്കണവാടി നിർമ്മിക്കുന്ന പദ്ധതി പ്രകാരം ചാലക്കുടി നിയോജകമണ്ഡലത്തിലെ കൊടകര പഞ്ചായത്തിൽ 4-ാം നമ്പർ അങ്കണവാടിയെ മാതൃകാ അങ്കണവാടിയായി ഉയർത്തുന്നതിന് അനുമതി നൽകുകയും കെട്ടിടനിർമ്മാണം പുരോഗമിച്ചുവരുകയും ചെയ്യുന്നുണ്ട്. എന്നാൽ മേലൂർ പഞ്ചായത്തിലെ 15-ാം വാർഡിലെ 114-ാം നമ്പർ അങ്കണവാടി ഉൾപ്പെടുന്നത് ചാലക്കുടി നിയോജകമണ്ഡലത്തിലാണ്. ആയതിനാൽ ടി അങ്കണവാടിയെ മാതൃകാ അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടുത്തി പുതുക്കി നിർമ്മിക്കുന്നതിനുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിരിന്നില്ല.

(ബി) ചാലക്കുടി നിയോജക മണ്ഡലത്തിലുൾപ്പെടുന്ന ചാലക്കുടി ബ്ലോക്കിലും പുതുക്കാട് ബ്ലോക്കിലുമായി നിലവിൽ കെട്ടിട നിർമ്മാണത്തിനായി അനുമതി നൽകിയിട്ടുള്ള അങ്കണവാടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ഐ.സി.ഡി.എസ്. പ്രോജക്ട്	പഞ്ചായത്ത്	അങ്കണവാടി നമ്പർ
1	കൊടകര അഡീഷണൽ	കൊടകര	4
2	കൊടകര അഡീഷണൽ	കൊടകര	14
3	കൊടകര അഡീഷണൽ	കൊടകര	8
4	കൊടകര അഡീഷണൽ	കൊടകര	5
5	കൊടകര അഡീഷണൽ	പുതുക്കാട്	78
6	ചാലക്കുടി അഡീഷണൽ	മേലൂർ	111
7	ചാലക്കുടി അഡീഷണൽ	മേലൂർ	113
8	ചാലക്കുടി അഡീഷണൽ	മേലൂർ	9

മാതൃകാ അങ്കണവാടികൾ

194 (5547)ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിൽ എത്ര അംഗൻവാടികളാണ് ഉള്ളത്; ഇതിൽ എത്ര അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട് ; വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര അംഗൻവാടികൾ ഉണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മാതൃകാ അംഗൻവാടികൾ സ്ഥാപിക്കുന്നതിന് അമ്പലപ്പുഴ ബ്ലോക്കിൽ നിന്നും എത്ര അംഗൻവാടികളെ തെരഞ്ഞെടുത്തു ; അവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ)

അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുള്ള ആകെ അങ്കണവാടികൾ	136
സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളവ	76
വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ	57
വാടക ഇല്ലാതെ സൗജന്യമായി ലഭ്യമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ	3

(ബി) അമ്പലപ്പുഴ ബ്ലോക്കിൽനിന്നും ഒരു അങ്കണവാടിയെയാണ് മാതൃകാ അങ്കണവാടിയായി തെരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത മാതൃക അങ്കണവാടിയുടെ കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടില്ല. കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ CRZ ക്ലിയറൻസ് ലഭിച്ചിട്ടില്ലാത്തതുകൊണ്ടാണ് നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തത്. പ്രസ്തുത നിയോജക മണ്ഡലത്തിൽ സൗകര്യപ്രദമായ മറ്റൊരു സ്ഥലം കണ്ടെത്തി മാതൃകാ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മാനസിക രോഗികളായവർക്കുള്ള പെൻഷൻ പദ്ധതി

195 (5548)ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മാനസിക രോഗികളായവർക്കുള്ള പെൻഷൻ പദ്ധതി നടപ്പിലാക്കിത്തുടങ്ങിയോ;

(ബി) എങ്കിൽ പ്രതിമാസ പെൻഷൻ തുക എത്രയാണെന്ന് പറയാമോ ;

(സി) പ്രസ്തുത പെൻഷൻ പദ്ധതിയെ സംബന്ധിച്ച ഉത്തരവുകളും പദ്ധതി വിശദാംശങ്ങളും ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly